# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പട്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P9/1051/21 dt 27/11/2021 21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/11/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പട്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P9/1051/21 dt 27/11/2021 21 തീയ്യതി: 30/11/2021

## കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 03-08-2021 | 12-08-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-08-2021 | 12-08-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ. ബി. | പ്രസിഡന്റ് | 01-04-2019 | 27-01-2020 |

| | | | |
|---|---|---|---|
| ശ്രീദേവി | | | |
| ശ്രീമതി. സുനിത മുസ്തഫ | പ്രസിഡന്റ് | 28-01-2020 | 31-03-2020 |
| ശ്രീ.രാജൻ. റ്റി | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീമതി. രേഖ. കെ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 11-07-2019 |
| ശ്രീ. ഷമിം. എ | സെക്രട്ടറി | 12-07-2019 | 05-01-2020 |
| ശ്രീമതി. രേഖ. കെ. ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2020 | 23-02-2020 |
| ശ്രീ. ഷമിം. എ | സെക്രട്ടറി | 24-02-2020 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രേഖ കെ.ആർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ബിന്നി സാമുവൽ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിനിത കുമാരി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഇന്ദിര | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. രജനി | വി.ഇ.ഒ. | 01-04-2019 | 01-12-2019 |
| ശ്രീ.ഉണ്ണിക്യഷ്ണൻ | വി.ഇ.ഒ. | 02-12-2019 | 31-03-2020 |
| ബാബു സാമുവൽ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഷീജ. ബി. റാണി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 26-08-2019 |
| ശ്രീ. ഷാനവാസ്. ഇ | അസിസ്റ്റന്റ് എഞ്ചിനിയർ | 27-08-2019 | 01-09-2019 |
| ശ്രീമതി. വിജുമോൾ. ഡി | അസിസ്റ്റന്റ് എഞ്ചിനിയർ | 02-09-2019 | 31-03-2020 |
| ശ്രീ. പ്രദീപ്. കെ. എസ് | കൃഷി ഓഫീസർ | 01-04-2019 | 03-07-2019 |
| ശ്രീമതി. സിന്ധു. എൽ | കൃഷി ഓഫീസർ -ഇൻ-ചാർജ്ജ് | 04-07-2019 | 17-11-2019 |
| ശ്രീമതി. ജിനിഷ | കൃഷി ഓഫീസർ | 18-11-2019 | 31-03-2020 |

| | | | |
|---|---|---|---|
| റാണി. റ്റി | | | |
| ഡോ. ടോം. ടി. തോമസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. അപർണ രംഗനാഥ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 15-10-2019 |
| ഡോ. രമാ ദേവി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-10-2019 | 04-11-2019 |
| ഡോ. ശ്രീവിദ്യ. പി. ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 05-11-2019 | 31-03-2020 |
| ഡോ. ശ്രീകല ദേവി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Naseer S (Computer Assistant, On 31-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Subi S (Senior Grade Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: G.Sajikumar (Audit Officer (HG), On 09-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arun Kumar A (Asst. Audit Officer, On 09-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-7 |
| 8 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Subi S (Senior Grade Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-7.1 |
| 9 | മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു -26,200/-രൂപ തിരികെ പിടിക്കണം<br>Written By: Subi S (Senior Grade Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-7.2 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 07-08-2021)<br>Last Updated By: Naseer S (Computer Assistant, On 31-08-2021) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Subi S (Senior Grade Auditor, On 12-08-2021)<br>Last Updated By: Santhosh N (Computer Assistant, On 20-09-2021) | 1- 9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-10 |
| 13 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി : പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.<br>Written By: Arun Kumar A (Asst. Audit Officer, On 09-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-11 |
| 14 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 09-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-12 |
| 15 | ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കിയില്ല<br>Written By: Rajina A.S (Auditor, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-13 |
| 16 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഈടാക്കിയിട്ടുള്ള കാലി | 1-14 |

| | | |
|---|---|---|
| | ബാരൽ വില 10,397 രൂപ സർക്കാരിലേക്ക് ഒടുക്കുവരുത്തണം<br>Written By: G.Sajikumar (Audit Officer (HG), On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 30-09-2021) | |
| 17 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 12-08-2021)<br>Last Updated By: Santhosh N (Computer Assistant, On 30-09-2021) | 1-15 |
| 18 | ജീവനം പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 50000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-16 |
| 19 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, നിർവ്വഹണത്തിലെ അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 20-09-2021) | 1-17 |
| 20 | നെൽകൃഷിക്ക് കൂലിച്ചെലവ്- കർഷകർ വിള ഇൻഷൂറൻസ് എടുത്തിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-18 |
| 21 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 20-09-2021) | 1-19 |
| 22 | ഡി.എ.കുടിശ്ശിക വിതരണം - കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല<br>Written By: Subi S (Senior Grade Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-20 |
| 23 | കെ.എം.എസ്സ്.സി.എല്ലിൽ നിന്ന് മരുന്ന് ലഭ്യമായില്ല.<br>Written By: Subi S (Senior Grade Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-21 |
| 24 | ക്ഷീര സൊസൈറ്റികളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.<br>Written By: Rajina A.S (Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-22 |
| 25 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Rajina A.S (Auditor, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-23 |
| 26 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - കട്ടിൽ വാങ്ങിയ നടപടി ക്രമപ്രകാരമല്ല<br>Written By: Arun Kumar A (Asst. Audit Officer, On 11-08-2021)<br>Last Updated By: Naseer S (Computer Assistant, On 30-11-2021) | 1-24 |
| 27 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 11-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | | 4-1 |

| | | |
|---|---|---|
| | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 30-09-2021) | |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Subi S (Senior Grade Auditor, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Subi S (Senior Grade Auditor, On 10-08-2021)<br>Last Updated By: Subi S (Senior Grade Auditor, On 10-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Subi S (Senior Grade Auditor, On 07-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Santhosh N (Computer Assistant, On 22-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Subi S (Senior Grade Auditor, On 09-08-2021)<br>Last Updated By: Naseer S (Computer Assistant, On 30-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Subi S (Senior Grade Auditor, On 07-08-2021)<br>Last Updated By: Naseer S (Computer Assistant, On 30-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

16-02-2019 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 11-03-2020 തീയതിയിലെ 1( 1 ) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 27-05-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 85,63,817/- രൂപ |
| വരവ് | 5,02,92,280/- രൂപ |
| ആകെ | 5,88,56,097/- രൂപ |
| ചെലവ് | 4,85,22,680/- രൂപ |
| നീക്കിയിരിപ്പ് | 1,03,33,417/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50,000/- രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) | കുറിപ്പ് (ക്യൂ ബില്ലായ തുക) (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 93,28,000/- | 93,28,000/- | 72,91,592/- | 20,36,408/- | 5,000/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 69,96,000/- | 69,96,000/- | 43,36,483/- | 26,59,517/- | 7,08,571/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ്, റോഡ് | 0 | 1,67,43,000/- | 1,67,43,000/- | 62,53,021/- | 1,04,89,979/- | 4,48,840/- |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 32,51,000/- | 32,51,000/- | 18,56,926/- | 13,94,074/- | 1,93,459/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 71,30,758/- | 71,30,758/- | 29,17,126/- | 42,13,632/- | 4,76,365/- |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 0 | 0 | 0 | 0 | |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| MGNREGS | 1,419/- | 14,45,575/- | 14,46,994/- | 14,44,588/- | 2,406/- | |
| SSA | | | | | | |
| TSC | 5,41,784/- | 1,30,000/- | 6,71,784/- | 2,97,192/- | 3,74,592/- | |
| ICDS | 7,92,350/- | 5,80,218/- | 13,72,478/- | 12,08,198/- | 1,64,370/- | |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| കേരളോത്സവം | | 20000/- | 20000/- | 20000/- | | |
| ശുചിത്വമിഷൻ ഗ്രാന്റ് | 4,81,654/- | 4,72,090/- | 9,53,744/- | 0 | 9,53,744/- | |
| സ്റ്റേറ്റ് ഷെയർ ലൈഫ് | 0 | 28,00,000/- | 28,00,000/- | 26,80,000/- | 1,20,000/- | |

വികസനഫണ്ട് (ജനറൽ), എസ്.സി.പി എന്നീ ഫണ്ടുകളിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക വരവിൽ ഉൾപ്പെടുത്താതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുകകളിൽ വ്യത്യാസം വന്നിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 6,43,39,673/- | 45 | 3,29,50,874/- | 59 | 81 | 32.96 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,419/- | 14,45,575/- | 14,46,994/- | 14,44,588/- | 2,406/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,85,31,230/- | 2,85,31,230/- | 2,85,31,230/- | 0 |
| ആകെ | 1,419/- | 29,976,805/- | 29,978,224/- | 29,975,818/- | 2,406/- |

## 1-7 ക്ഷേമ പദ്ധതികൾ


തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,62,240/- | 79 |
| കർഷകതൊഴിലാളി പെൻഷൻ | 18,73,800/- | 638 |
| വിധവാപെൻഷൻ | 44,46,000/- | 1550 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 75,13,200/- | 2659 |
| വികലാംഗപെൻഷൻ | 12,54,700/- | 413 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 2,30,400/- | 81 |

**1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത**

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത 'വിൻഡോ'യുടെ ദൃശ്യം ചുവടെ ചേർക്കുന്നു.




റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെൻറ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെൻറ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ പട്ടാഴി ഗ്രാമപഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻറ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

**1-7.2 മരണപ്പെട്ട / അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു -26,200/-രൂപ തിരികെ പിടിക്കണം**

പട്ടാഴി ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ

സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക (₹) |
|---|---|---|---|---|---|---|
| 1 | മീനാക്ഷി ഈട്ടിക്കുട്ടത്തിൽ | വാർദ്ധക്യകാലം | 103270201664 | 16.3.20 | 4/20 മുതൽ 6/21- വരെ | 26,200/- |
| | | | | | | 26,200/- |

അനർഹമായ 26,200/- രൂപ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ഗുണഭോക്താവിന് അനുവദിച്ച 26200/- രൂപയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ ലിസ്റ്റ് ഭാഗികമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം 2019-20 വർഷം അനർഹമായതിനാൽ പെൻഷൻതുക വിതരണം ചെയ്യാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹകരണ ബാങ്കിൽ നിന്നും വാങ്ങേണ്ടതാണ്. ആ ലിസ്റ്റിലുള്ളവർ ഉൾപ്പെടെ പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണ്.
ധനകാര്യ വകുപ്പിന്റെ 5-11-2020 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 26,200/- രൂപ സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കിയെന്ന് ഉറപ്പാക്കേണ്ടതാണ് .

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-6-21 ന് സ്ഥാപന തലവന്റെസാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1981/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1- 9 ആഭ്യന്തര നിയന്ത്രണം

വ്യക്തമായ ജോലി വിഭജനവും മേൽ പരിശോധന സംവിധാനവും നിലനിൽക്കുന്ന പട്ടാഴി ഗ്രാമപഞ്ചായത്തിൽ ഓരോ ഉദ്യോഗസ്ഥനും ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനായി അകമഴിഞ്ഞ് പ്രയത്നം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അക്കൗണ്ടന്റിന്റെയും പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഓഡിറ്റ് വർഷം ഏറെക്കുറെ കുറ്റമറ്റ രീതിയിലുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റാണ് സമർപ്പിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണവും നിർവ്വഹണവും മികച്ച നിലയിലാണ് നടപ്പാക്കിയിട്ടുള്ളത്. വാങ്ങൽ നടപടികൾക്കായുള്ള പ്രൊക്യൂമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതിയിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കിയതിന് മാനദണ്ഡങ്ങൾ പാലിച്ചില്ല എന്നുള്ളതും

പഞ്ചായത്ത് കമ്മിറ്റി ടെൻഡർ അംഗീകരിച്ചതിനു ശേഷം മാത്രമാണ് ഇതിനായി പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയത് എന്നുള്ളതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ വ്യക്തമായ കാരണങ്ങളില്ലാതെ ടെൻഡർ നടപടികളിൽ നിന്ന് ഒഴിവാക്കുന്നത് ആശാസ്യമല്ല. ഗുണനിലവാര പരിശോധനയില്ലാതെ ഗുണനിലവാരമില്ലായ്മ കാരണമായി പറയാൻ സാധിക്കുന്നതല്ല.

സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിൽ സവിശേഷമായ ശ്രദ്ധ ബന്ധപ്പെട്ട സെക്ഷന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്യുന്നതിനാൽ അനർഹമായ പെൻഷൻ വിതരണം ഓഡിറ്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. തുടർന്നും ഇത്തരം ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ചുരുക്കത്തിൽ മികച്ച ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അവരുടെ പൂർണ്ണ സഹകരണമാണ് നൽകിയിരുന്നതെന്ന് വ്യക്തമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01-03-2021 | 04/2020 മുതൽ 12/2020 വരെ | 01-03-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.12.2018 മുതൽ 05-01-2019 വരെ | 2013-14 മുതൽ 2017-18 വരെ | 31-01-2019 |

## 1-11 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി : പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകണം.

2019-20 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതിയിൽ 404.23 ലക്ഷം രൂപ വകയിരുത്തി 130000 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻഅംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 96642 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് കാണുന്നു. (ലക്ഷ്യം വച്ചതിന്റെ 74.34%). 2,85,31,230/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 70.58% മാത്രമാണ്. ഇതിൽത്തന്നെ 2,67,06,680/-രൂപ തൊഴിലാളികളുടെ വേതനം ഇനത്തിലുള്ളതും, 18,24,550/-രൂപ സാധന സാമഗ്രികളുടെ വിലയിനത്തിലുള്ളതുമാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ % കണക്ക്. |
|---|---|---|---|---|
| 1 | തോടുകളുടെ നവീകരണം | 18 | 10 | 55% |
| 2 | മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ | 161 | 114 | 70% |
| 3 | വ്യക്തിഗത ആസ്തികൾ. | | | |
| | 1. കന്നുകാലി തൊഴുത്ത് | 56 | 17 | 30% |
| | 2. ആട്ടിൻ കൂട്. | 13 | 4 | 30% |
| | 3. കോഴിക്കൂട്. | 22 | 12 | 54% |
| | 4. കിണർ നിർമ്മാണം | 13 | 3 | 23% |

ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിരുന്ന പ്രവൃത്തികളിൽ കുറച്ച് എണ്ണം മാത്രമാണ് ഏറ്റെടുത്തതായി കാണുന്നത്. ഏറ്റെടുത്തതിൽതന്നെ ശരാശരി 43.6% മാത്രമാണ് നടപ്പിൽ വരുത്തിയത്. എന്നാൽ അടങ്കൽ തുകയുടെ 70.58% ചെലവഴിക്കുകയും, 74.34% തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. ഈ പൊരുത്തക്കേട് കൃത്യമായി അംഗീകരിക്കപ്പെട്ടിട്ടില്ല. ഇതിൽ നിന്ന് തന്നെ ആക്ഷൻ പ്ലാനിന് വിരുദ്ധമായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി എന്ന് വിലയിരുത്താവുന്നതാണ്. മേൽ വിഷയങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും, ഉദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും, അംഗീകൃത ആക്ഷൻ പ്ലാനിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

## 1-12 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് മിഷൻ പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതി പ്രോജക്ട് നമ്പർ 15/19,173/19 (S.O) -ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 175/19പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുമായി തൻവർഷം നടപ്പിലാക്കി. പദ്ധതികളുടെ ഫണ്ട് വകയിരുത്തൽ ചുവടെ ചേർക്കുന്നു.

| 15/19-20 ജനറൽ | | | 175/19 എസ്.സി (So) | | |
|---|---|---|---|---|---|
| ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) | ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) |
| വികസനഫണ്ട് പൊതുവിഭാഗം | 6,80,000/- | 5,20,000/- | വികസനഫണ്ട് എസ്.സി.പി | 8,00,000/- | 8,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 10,52,657/- | - | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,80,000/- | 4,80,000/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 17,67,343/- | - | ജില്ലാ പഞ്ചായത്ത് വിഹിതം | 51,600/- | 50,000/- |
| സംസ്ഥാനാവിഷ്കൃതം | 45,00,000/- | 27,20,000/- | ലോൺ | 23,48,400/- | - |
| ആകെ | 80,00,000/- | 32,40,000/- | ആകെ | 3,68,00,000/- | 13,30,000/- |

പ്രോജക്ട് നം. – 261/19-20 ലൈഫ് മിഷൻ ഭവന നിർമ്മാണം. (പട്ടികജാതി)

| ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|
| തനത് ഫണ്ട് | 50,000/- | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 32,50,000/- | 6,00,000/- |
| ആകെ | 33,00,000/- | 6,00,000/- |

പ്രോജക്ട് നം. - 173, എസ്.ഒ. (പൊതുവിഭാഗം)

| ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,63,733/- | 1,60,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 40,000/- | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 3,44,446/- | ഇല്ല |
| ലോൺ | 1,65,51,821/- | 24,80,000/- |
| ആകെ | 1,71,00,000/- | 26,40,000/- |

ജനറൽ വിഭാഗത്തിൽപ്പെട്ട 30 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 28 ഗുണഭോക്താക്കൾ 2019-20 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 2 ഗുണഭോക്താക്കൾ 20-21 സാമ്പത്തിക വർഷത്തിൽ ആണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽ 8 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 6 ഗുണഭോക്താക്കൾ 2019-20 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 2 ഗുണഭോക്താക്കൾ 20-21 സാമ്പത്തിക വർഷത്തിൽ ആണ് പണി പൂർത്തീകരിച്ചിട്ടുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**1-13 ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കിയില്ല**

പട്ടാഴി ഗ്രാമപഞ്ചായത്തിലെ 2019 -20 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പബ്ളിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് 18% ജി എസ് ടി ഈടാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **പേര്, മേൽവിലാസം** | **സാമ്പത്തിക വർഷം** | **ലേല തുക (₹)** | **ഈടാക്കേണ്ടിയിരുന്ന ജി എസ് ടി (₹)** |
|---|---|---|---|---|
| 1 | സുധീർ, മായാമന്ദിരം, മീനം, പട്ടാഴി | 2019 -20 | 1,11,000 | 19,980/- |
| **ആകെ** | | | | **19,980/-** |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കുന്ന സംബന്ധിച്ച് ജി എസ് ടി ജില്ലാ ഓഫീസിൽ സംശയം ഉന്നയിച്ചപ്പോൾ ഗേറ്റ് ഫീസ് പിരിവ് ലേലത്തിന് ജി എസ് ടി ഈടാക്കേണ്ട എന്ന് അറിയിച്ചതിനാലാണെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല, കാരണം സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് ജോയിൻ കമ്മീഷണർ കുളക്കട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 20/02/2019 CT/ 1911/2019-A1 GSTC കത്ത് പ്രകാരം നൽകിയ വിശദീകരണത്തിൽ മാർക്കറ്റ് ഗേറ്റ് ഫീസ് ചരക്കുസേവനനികുതി നിയമം 2017 പ്രകാരം സേവനത്തിന്റെ പരിധിയിൽ വരുന്നതിനാൽ 18% ജി എസ് ടി ബാധകമാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ18% ജി എസ് ടി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 5 /10.08.2021.**

**1-14 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഈടാക്കിയിട്ടുള്ള കാലി ബാരൽ വില 10,397 രൂപ സർക്കാരിലേക്ക് ഒടുക്കുവരുത്തണം**

താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പാക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കിയിരുന്നില്ല. . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി വിവരം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ (കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില (₹) (238+18% ജി.എസ്.ടി.) |
|---|---|---|---|---|
| 1 | പ്രവൃത്തി-എൻ എസ്സ് എസ്സ് ചങ്ങഴിമറ്റം റോഡ് ടാറിംഗ് | ബിറ്റുമിൻ-1073<br>ഇമൽഷൻ-107 | 7 | 1,967/- |

| | | | | |
|---|---|---|---|---|
| | (So 161/20)<br>അടങ്കൽ തുക-₹ 2,46,000/-<br>(സംരക്ഷണ ഗ്രാൻറ്, റോഡ്)<br>കരാറുകാരൻ-ശ്രീ. കെ. ഉദയൻ<br>കരാർ-51/AE/LSGD/PATTA/<br>18-19, 30-11-2018,<br>ചെലവ് –₹ 2,45,057/-<br>ബിൽ നം. 1 തീ, 24-05-2019 | | | |
| 2 | പ്രവൃത്തി- ഠൗൺ പനയനം റോഡ് ടാറിംഗ് (So 191/20)<br>അടങ്കൽ തുക –₹ 6,03,600/-<br>(സംരക്ഷണ ഗ്രാന്റ്, റോഡ്)<br>കരാറുകാരൻ - ശ്രീ. മധു, തോട്ടകത്ത് വീട്, പട്ടാഴി<br>കരാർ-74/AE/LSGD/PATTA/<br>18-19, 01-11-2019,<br>ചെലവ് –₹ 5,90,797/-<br>ബിൽ നം. 15, 18-07-2019 | ബിറ്റുമിൻ-1790<br>ഇമൽഷൻ-179 | 12 | 3,372/- |
| 3 | പ്രവൃത്തി - ആറാട്ടുപുഴ തുണ്ടിൽ ജംഗ്ഷൻ<br>ടാറിംഗ് റോഡ് ടാറിംഗ് (So 208/20)<br>അടങ്കൽ തുക –₹ 9,20,403<br>(സംരക്ഷണ ഗ്രാന്റ്, റോഡ് )<br>കരാറുകാരൻ - ശ്രീ. കെ. ഉദയൻ, ഴക്കേക്കരവീട്, ഏറത്ത് വടക്ക്<br>കരാർ-72/AE/LSGD/IPATTA / 18-19, 26-02-2019,<br>ചെലവ് – ₹ 8,71,375/-<br>ബിൽ നം. 26 തീ. 14-01-2020 | ബിറ്റുമിൻ-2741<br>ഇമൽഷൻ-264 | 18 | 5,058/- |
| | | | ആകെ | 10,397/- |

കാലി ബാരൽ വില ഈടാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 10,397 രൂപ ഈടാക്കാതിരുന്നത് 09-08-2021 ലെ ഓഡിറ്റ് അന്വേഷണം (നം.2) മുഖേന ചൂണ്ടിക്കാട്ടുകയും, ടി തുക 10-08-2021ലെ 1730371 (തുക-3372), 1730369 (തുക-7025) എന്നീ രസീതുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തു. ടി തുകയിൽ ഉൾപ്പെട്ട ജി.എസ്.ടി തുക പ്രസ്തുത വകുപ്പിലേയ്ക്കും, കാലി ബാരൽ തുക സർക്കാരിലേയ്ക്കും ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-2, തീയതി 09-08-2021

**<u>1-15 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ</u>**

2019-20 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള അപാകതകൾ

1) മരാമത്ത് പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തയ്യാറാക്കുമ്പോൾ ആവശ്യമായ ജാഗ്രത പുലർത്തുന്നില്ല. പല പ്രവൃത്തികളുടെ ബില്ലുകളും തെറ്റായാണ് തയ്യാറാക്കിയിരിക്കുന്നത്. അപാകതകൾ ഒഴിവാക്കി ബില്ലുകൾ തയ്യാറാക്കേണ്ടതാണ്.

2) പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് നടക്കുന്നില്ല. വികസനകാര്യ സ്ഥിരം സമിതിയും,ഭരണസമിതിയും ഫലപ്രദമായ മോണിറ്ററിംഗ് നടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

3) പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

4) റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. പ്രധാന പാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനു പകരം ഫലപ്രദമല്ലാത്ത 50 മീറ്ററിൽ താഴെയുള്ള കോൺക്രീറ്റിംഗ് റോഡുകളുടെ നിർമ്മാണമാണ് തൻവർഷവും നടത്തിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് റോഡുകളുടെ നിർമ്മാണം നടത്തേണ്ടതാണ്.

**1-16 ജീവനം പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 50000/-രൂപ തടസ്സപ്പെടുത്തുന്നു**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ജീവനം പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) | ബിൽനം, തീയതി |
|---|---|---|---|---|
| 1 | ജീവനം (118/20) | ജില്ലാ പഞ്ചായത്ത്, കൊല്ലം | 50,000/- | 27, തീ. 07-09-2019 |
| | | ആകെ | 50,000/- | |

വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 50,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം – 50,000/- രൂപ

ഓഡിറ്റ് അന്വേഷണം – 3, തീയതി – 09-08-2021

**1-17 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, നിർവ്വഹണത്തിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് - മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ തുക – 4,48,618/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ചെലവ് - 4,48,000/- രൂപ

ബിൽ നം. 9 തീ. 10-06-2019

ടി പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കൊച്ചു മേലതിൽ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റിയുടെ 26-09-2018 ലെ 2 (1) നമ്പറായുള്ള തീരുമാനപ്രകാരം അംഗീകരിക്കുകയും, തുടർന്ന് ടി സ്ഥാപനത്തോട് പദ്ധതിയിൽ പറഞ്ഞിരിക്കുന്ന 50 വാട്ട്സ് ലൈറ്റ് പരിശോധനയ്ക്കായി ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ഇതിൻപ്രകാരം ലഭ്യമാക്കിയ 50 വാട്ട്സ് എൽ ഇ ഡി ലൈറ്റ് പരിശോധിച്ച് ഗുണമേന്മാ സർട്ടിഫിക്കറ്റ് നല്കുന്നതിനായി കൊട്ടിയം എസ് എൻ പോളി ടെക്നിക്കിന് കൈമാറുകയും ചെയ്തു.

പട്ടാഴി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 22-11-2018 ൽ SNPC/2018-19 നമ്പരായുള്ള കത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ 50 വാട്ട്സ് എൽ ഇ ഡി ലൈറ്റ് (ക്രോംപ്ടൺഗ്രീവ്സ്) ഗുണനിലവാരം (Good Quality) ഉള്ളതാണെന്ന് അറിയിച്ചു. ഇതിൻ പ്രകാരം ടി സ്ഥാപനത്തിന് 01-11-2018 ൽ വിതരണ ഉത്തരവ് നല്കി. എന്നാൽ ടിസ്ഥാപനം വിതരണം ചെയ്തിരിക്കുന്ന എൽ ഇ ഡി ലൈറ്റ് ഗുണമേന്മ പരിശോധിച്ചുറപ്പുവരുത്തിയ (ക്രോംപ്ടൺഗ്രീവ്സ്) ബ്രാൻഡ് അല്ല. രേഖകൾ പ്രകാരം മിനി മാസ്റ്റ് ലൈറ്റിൽ ഉപയോഗിച്ചിരിക്കുന്നത് 60w Led Endura ആണ്. ഗുണനിലവാര പരിശോധനയ്ക്ക് ഹാജരാക്കിയതിൽ നിന്നും വ്യത്യസ്തമായ ഉപകരണം സ്ഥാപിച്ച് വിശ്വാസ വഞ്ചന നടത്തിയിരിക്കുകയാണ് ടി സ്ഥാപനം ചെയ്തിരിക്കുന്നത്. അപാകതകൾ ചൂണ്ടിക്കാട്ടി 09-08-2021 ൽ നല്കിയ (നം-3) ഓഡിറ്റ് അന്വേഷണത്തിന് അപാകത ഇപ്പോൾ മാത്രമാണ് ശ്രദ്ധയിൽ പെട്ടിട്ടുള്ളതെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. സ്ഥാപനത്തിനെതിരേ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുംഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**<u>1-18 നെൽകൃഷിക്ക് കൂലിച്ചെലവ്- കർഷകർ വിള ഇൻഷൂറൻസ് എടുത്തിട്ടില്ല.</u>**

പ്രോജക്ട് നം : 30/20 – നെൽകൃഷി വികസനം
ആകെ അടങ്കൽ – 1,17,500/-രൂപ.
ആകെ ചെലവ് - 85,784/-രൂപ.
പഞ്ചായത്തിലെ 25 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നടത്തുന്നതായിരുന്നു പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം നെൽ വിത്ത് സൗജന്യമായും, വളം കൂലിച്ചെലവ് ഇവ സബ്സിഡി നിരക്കിലും നൽകിയിരിക്കുന്നു. എന്നാൽ നെൽ കൃഷിയ്ക്ക് കൂലിച്ചെലവ് നൽകിയിരിക്കുന്ന കർഷകരുടെ വിള ഇൻഷുറൻസ് അടച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രോജക്ടിൽ പരാമർശിയ്ക്കാത്തതിനാൽ നെൽ കൃഷി ഇൻഷുർ ചെയ്തിരുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മുൻകൂറായി വിള ഇൻഷൂറൻസ് ചെയ്തവർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ എന്ന് 14.02.18 തീയതിയിലെ സ.ഉ.(കൈ) നം. 22/18/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക6.1(6) ൽ പ്രതിപാദിച്ചിട്ടുണ്ട് . ആയതിനാൽ ഭാവിയിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട ഗുണഭോക്താക്കളെ കൊണ്ട് അവരുടെ ചെലവിൽ വിള ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി നം: 1/5.8.21.**

**<u>1-19 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമ പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.</u>**

2014-15 സാമ്പത്തിക വർഷം മുതൽ 2019-20 സാമ്പത്തിക വർഷം വരെ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയരുടെ അക്കൗണ്ടിൽ ആണ് അടവാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

**<u>1-20 ഡി.എ.കുടിശ്ശിക വിതരണം - കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല</u>**

സർക്കാർ ഉത്തരവ് (പി) 44/2019 ധന തീയതി 4-4-19 പ്രകാരം 1-1-18 മുതൽ 30-04-19 വരെയുള്ള

ഡി.എ കുടിശ്ശിക പട്ടാഴി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് മേയ് 2019 ലെ ബില്ല പ്രകാരം അനുവദിച്ചിട്ടുണ്ട് [വൗച്ചർ നം: 21900129 തീയതി 17-5-19, 1,49,810/-രൂപ]. എന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഡി.എ. കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച തുക (₹) | പെൻഷൻ വിഹിതം (₹) | പഞ്ചായത്ത് വിഹിതം (₹) |
|---|---|---|---|---|---|
| 1 | ഷീന. വി | ക്ലാർക്ക് | 12,054/- | 1,205/- | 1,205/- |
| 2 | ആതിര. എസ്സ് . പിള്ള | ക്ലാർക്ക് | 4,842/- | 484/- | 484/- |
| 3 | ആര്യ. വി. രാജൻ | ക്ലാർക്ക് | 3,371/- | 337/- | 337/- |
| | | | ആകെ | 2,026/- | 2,026/- |

ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിന്റെ 10% തുകയും സമാന തുക പഞ്ചായത്ത് വിഹിതവും ചേർത്ത് എൻ.പി.എസ്സിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 10/10.8.2021.

**<u>1-21 കെ.എം.എസ്സ്.സി.എല്ലിൽ നിന്ന് മരുന്ന് ലഭ്യമായില്ല.</u>**

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ പണം നൽകിയിരുന്നെങ്കിലും ചുവടെ സൂചിപ്പിക്കുന്ന പ്രകാരം മരുന്നുകൾ വിതരണം നടത്താൻ ശേഷിക്കുന്നു.

| പ്രോജക്ട് | പ്രൊഫോമ ഇൻവോയ്സ് | ഒടുക്കിയ തുക (₹) | വിതരണം ചെയ്ത മരുന്നിന്റെ മൂല്യം (₹) | ബാലൻസ് (₹) | ബിൽ നം. |
|---|---|---|---|---|---|
| പി.എച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ 24/20 | 2570/18-02-20 | 5,00,000/- | 3,55,088/- | 1,44,912/- | 7/19-20 |
| | | | ആകെ | 1,44,912/- | |

ലഭിക്കാനുള്ള മരുന്ന് ലഭ്യമാക്കി പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 11/11.08.2021

**<u>1-22 ക്ഷീര സൊസൈറ്റികളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല.</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. എന്നാൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5 ക്ഷീര സൊസൈറ്റികൾ (ആറാട്ടുപുഴ ക്ഷീര സൊസൈറ്റി, തെക്കേത്തെരുവ് ക്ഷീര സൊസൈറ്റി, പട്ടാഴി ക്ഷീര സൊസൈറ്റി, പന്തപ്ലാവ് ക്ഷീര സൊസൈറ്റി, പിടവൂർ ക്ഷീര സൊസൈറ്റി) രണ്ട് അർദ്ധ വർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ആയതിന്

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് എൻക്വയറി നം. 6/10.08.2021**

**1-23 വാടക കുടിശ്ശിക ഈടാക്കിയില്ല**

പട്ടാഴി ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്നവരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/ മാസം (₹) | വാടക കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | പ്രസിഡന്റ്, എ ക്ലാസ് വിപണി | NSC-13 | 916/- | 7,826/- |
| 2 | പ്രദീപ് കുമാർ, നിവേദ്യം, തെക്കേത്തേരി | NSC-Hall 1A | 1,433/- | 13,101/- |
| 3 | ശ്രീജിത്ത്, ഗോകിലം ഹൗസ്, ഏറം | SPSC-11 | 3,885/- | 24,116/- |
| 4 | മിനി, ശ്രീകൃഷ്ണ വിലാസം, തെക്കേത്തേരി | Stall No,1 | 7,500/- | 67,500/- |
| **ആകെ** | | | | **1,12,543/-** |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വാടകക്കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കുടിശ്ശിക ഈടാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഓഡിറ്റ് എൻക്വയറി നം. 6 /10.08.2021**

**1-24 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - കട്ടിൽ വാങ്ങിയ നടപടി ക്രമപ്രകാരമല്ല**

പ്രോജക്ട് നം. 176/19-20 – വൃദ്ധജനങ്ങൾക്ക് കട്ടിൽ (ജനറൽ).

ആകെ അടങ്കൽ - ₹ 1,14,000/- വികസനഫണ്ട് ജനറൽ.

ആകെ ചിലവ് - ₹ 1,12,791/-ബിൽ നം. 3/29.5.19.

പ്രോജക്ട് നം. 162/19-20 – വൃദ്ധജനങ്ങൾക്ക് കട്ടിൽ (എസ്.സി).

ആകെ അടങ്കൽ - ₹ 4,48,000/- വികസനഫണ്ട് എസ്. സി.പി.

ആകെ ചിലവ് - ₹ 4,45,243/-ബിൽ നം. 1/21.5.19.

2019-2020 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ആയി 176/19 -20, 162/19-20 എന്നിവയിലൂടെ യഥാക്രമം 1,12,791/-, 4,45,243/-രൂപ വീതം ചിലവഴിച്ചിരിയ്ക്കുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതികൾ പ്രകാരം ആകെ 245 (110+135) ആഞ്ഞിലി കട്ടിലുകൾ അനു ഫർണീച്ചർ പത്തനാപുരം, എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വാങ്ങലുകൾക്കായി താഴെ പറയും പ്രകാരം ടെൻഡറുകൾ ലഭിച്ചിരുന്നു.

എം.എച്ച് കോട്ടയം - ആഞ്ഞിലി – ₹ 3,120/-

തമ്പുരാൻ കാലയിൽ - ആഞ്ഞിലി/മഹാഗണി - ₹ 3,298/

ശോഭന, അന ഫർണീച്ചർ - ₹ 3,300/-

പ്ളാസ എന്റർപ്രൈസസ് - ₹ 3,390/-

റോയൽ എന്റർപ്രൈസസ് - ₹ 4,290/-

ശബരി – ₹ 3,439/-

മുരളി മുണ്ടിക്കുന്നേൽ ഏജൻസീസ് - ₹ 3,890/-

26.9.18 തീയതിയിലെ കമ്മിറ്റി തീരുമാനപ്രകാരം ഏറ്റവും കുറഞ്ഞ ടെൻഡർ രേഖപ്പെടുത്തിയ എം.എച്ച് കോട്ടയം, തമ്പുരാൻ കാലയിൽ എന്നിവരുടെ കട്ടിൽ ഗുണനിലവാരം കുറത്തതിനാലും, സമയ പരിധിയിയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരാണ് എന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുള്ളതിനാലും തൊട്ടടുത്ത കുറഞ്ഞ റേറ്റ് രേഖപ്പെടുത്തയിട്ടുള്ളതും, കഴിഞ്ഞ വർഷങ്ങളിൽ യഥാസമയം കട്ടിൽ വിതരണം ചെയ്തിട്ടുള്ളതും ആയ ശോഭന, അന ഫർണീച്ചർ സമർപ്പിച്ച ടെൻഡർ അംഗീകരിച്ചു. പ്രോക്വയർമെന്റ് കമ്മിറ്റിയുടെ 3.10.2018 തീയതിയിലെ മിനട്സിലും ഇതേ തീരുമാനം തന്നെ എടുത്തിരിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

സാമ്പിളുകൾ ഹാജരാക്കൻ ആവശ്യപ്പെടുകയോ, നേരിട്ട് പരിശോധിക്കുകയോ ചെയ്യാതെ കുറഞ്ഞ ടെൻഡർ ക്വാട്ട് ചെയ്ത സ്ഥാപനങ്ങളുടെ കട്ടിലുകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും, സമയബന്ധിതമായി വിതരണം നടത്താത്തതാണന്നും കമ്മിറ്റി തീരുമാനത്തിൽ എത്തിയത് ക്രമപ്രകാരമല്ല. ഉപകരണങ്ങൾ വാങ്ങി ക്ഷമതയുള്ള ഉദ്യോഗസ്ഥനെ/ സ്ഥാപനത്തെക്കൊണ്ട് പരിശോധിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗുണനിലവാരം കുറഞ്ഞവ ഒഴിവാക്കുന്നതിന് പകരം ശോഭന, അനഫർണീച്ചർ എന്ന സ്ഥാപനം കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ യഥാസമയം കട്ടിൽ വിതരണം നടത്തി എന്ന കാരണത്താൽ തൻ വർഷം കുറവ് ടെൻഡർ രേഖപ്പെടുത്തിയ രണ്ട് സ്ഥാപനങ്ങളെ ഒഴിവാക്കിയ നടപടി അംഗീകരിക്കുന്നില്ല. വിശദ വിവരം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വികസന പ്രക്രീയകളുടെ ഭാഗമായി നടത്തുന്ന വാങ്ങലുകൾ സുതാര്യവും, ക്രമപ്രകാരവും ആണന്ന് ബന്ധപ്പെട്ട സ്റ്റാൻറ്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ ധനവിനിയോഗം പരിശോധിച്ച് സുതാര്യത ഉറപ്പാക്കാൻ ചുമതലപ്പെട്ട ധനകാര്യ സ്റ്റാൻറ്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി. നം. 4, തീയതി. 10-8-21

**<u>1-25 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.</u>**

അങ്കണവാടി പോഷകാഹാരം.

പ്രോജക്ട് നം. 13/19-20.

ആകെ അടകൽ - 28,00,000/-രൂപ.

ആകെ ചിലവ് – 18,93,198/-രൂപ.

2019 - 20 സാമ്പത്തിക വർഷത്തിൽ അങ്കണവാടിയിലെ 3 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് വിതരണം നടത്തുന്നതിനായി നിർമാല്യം ന്യൂട്രീമിക്സ് യൂണിറ്റ് പുനലൂർ എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ന്യൂട്രിമിക്സ് സാമ്പിളുകൾ Food Testing ലാബിൽ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ്

സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി.നം. 8 തീയതി 10-8-21.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 06.08.21 & 07.08.21 | കെ.എസ്.എ.കെ.എൽ.എം.പി9/1051 തി. 25-08-2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ഒ.ബി | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | | 1,00,000/- | വെട്ടിയറ – ഇലഞ്ഞൂർ റോഡ് കോൺക്രീറ്റ് | 1,00,000/- | 0 |
| | | | 5,75,000/- | പാലളവ് സബ്സിഡി | 5,75,000/- | 0 |
| | | | 31,552/- | സമഗ്രനെൽകൃഷി | 31,552/ | 0 |
| | | | 4,69,768/- | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 4,69,768/- | 0 |
| | | | 65,240/- | പാലിയേറ്റീവ് കെയർ | 65,240/- | 0 |
| | | | 1,30,232/- | ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 1,30,232/- | 0 |
| ജില്ലാ | | | 4,00,000/- | പാലളവ് സബ്സിഡി | 4,00,000/- | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | | 31,552/- | സമഗ്രനെൽകൃഷി | 31,552/- | 0 |
| | | | 1,10,000/- | അനുപൂരകപോഷകപരിപാടി | 1,10,000/- | 0 |

സംയുക്ത പ്രോജക്ടിനായി ലഭിച്ചിട്ടുള്ള ഫണ്ട് വിനിയോഗം വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഇല്ല

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 24,80,000/-രൂപ വരവുണ്ട്. മുൻബാക്കി 44,40,000/-രൂപയടക്കം 69,20,000/-രൂപയിൽ 69,20,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan | GO.(MS)No. 68/2018/LSGD Dtd 18-05-2018 | 69,20,000/- | - | 4,41,177/- | - | 64,78,823/- |

വായ്പാ ചെലവ് സുലേഖയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

**4-6 സ്ഥിര നിക്ഷേപം**

ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

ഇല്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല.

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 50,000/- | ശ്രീ. ഷെമിം. എ, സെക്രട്ടറി |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവർക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടം തുക (₹) |
|---|---|
| 1-7-2 | 26,200/- |
| 1-13 | 19,980/- |

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷെമിം. എ, സെക്രട്ടറി | സെക്രട്ടറി, കുഴക്കല്ലൂർ ഗ്രാമപഞ്ചായത്ത് | ആരണ്യകം, അച്ചൻകോവിൽ |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 1 |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 4 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | മറുപടി ലഭ്യമാക്കിയിട്ടില്ല. |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 6 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം-പി9/398/18/23.2.18 | 10 |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം-9/750(1)/19/31.05.2019 | 18 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം-9/750(2)/19/31.05.2019 | 15 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം-9/750(3)/19/31.05.2019 | 8 |
| 2009-2010 & 2010-2011 | കെ.എസ്.എ.കെ.എൽ.എം-9/750(4)/19/31.05.2019 | 13 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം-9/750(1)/19/31.05.2019 | 8 |
| 2012-2013 & 2013-14 | എൽ.എഫ്.ക്യു-പി5 /1091/2015/ തീയതി.04.08.2015 | 8 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി4-1160/16 തീയതി 28/07/2016 | 4 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി-5/216/17-14-02-2017 | 7 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി9 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി9/1857/2018തീയതി.06.03.2019 | 9 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി9/1522/2019തീയതി 12.02.2020 | 11 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**